# Envoys of three Nations present credentials to President of India

May 11, 2022

---

**മൂന്ന് രാഷ്ട്രങ്ങളുടെ പ്രതിനിധികൾ ഇന്ത്യൻ രാഷ്ട്രപതിക്ക് യോഗ്യതാപത്രങ്ങൾ സമർപ്പിച്ചു**
**മെയ് 11, 2022**

സ്ലോവാക് റിപ്പബ്ലിക്, റിപ്പബ്ലിക് ഓഫ് സുഡാൻ, നേപ്പാൾ എന്നിവിടങ്ങളിലെ സ്ഥാനപതിമാരിൽ നിന്ന് ഇന്ത്യൻ രാഷ്ട്രപതി ശ്രീ രാംനാഥ് കോവിന്ദ് ഇന്ന് (11 മെയ് 2022) രാഷ്ട്രപതി ഭവനിൽ യോഗ്യതാപത്രങ്ങൾ സ്വീകരിച്ചു. ഇനിപറയുന്നവരാണ് യോഗ്യതാപത്രങ്ങൾ ഹാജരാക്കിയവർ:

1. സ്ലോവാക് റിപ്പബ്ലിക്കിന്റെ അംബാസഡർ, റോബർട്ട് മാക്സിയൻ
2. റിപ്പബ്ലിക് ഓഫ് സുഡാൻ അംബാസഡർ, അബ്ദുല്ല ഒമർ ബഷീർ എൽഹുസൈൻ
3. നേപ്പാൾ അംബാസഡർ, ഡോ:ശങ്കർ പ്രസാദ് ശർമ,

യോഗ്യതാപത്രങ്ങൾ സമർപ്പിച്ചതിന് ശേഷം രാഷ്ട്രപതി മൂന്ന് പ്രതിനിധികളുമായി പ്രത്യേകം ആശയവിനിമയം നടത്തി. അവരുടെ നിയമനങ്ങളിൽ അദ്ദേഹം അവരെ അഭിനന്ദിക്കുകയും ഇന്ത്യ അവരുടെ രാജ്യങ്ങളുമായി പങ്കുവയ്ക്കുന്ന ഊഷ്മളവും സൗഹാർദ്ദപരവുമായ ബന്ധത്തിനും നിലവിലുള്ള ബഹുമുഖ ബന്ധത്തിനും ഊന്നൽ നൽകി സംസാരിക്കുകയും ചെയ്തു. ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നതിലും അവരുടെ ക്ഷേമത്തിനും പുരോഗതിക്കും സൗഹാർദ്ദപരമായ ജനതയുടെ അഭിവൃദ്ധിക്കും വേണ്ടി രാഷ്ട്രപതി വിജയാശംസകൾ നൽകി.'

അംബാസഡർമാർ മുഖേന രാഷ്ട്രപതി അവരുടെ നേതൃത്വത്തോട് വ്യക്തിപരമായ ആദരവും അറിയിച്ചു. ഇന്ത്യയുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിന് അടുത്ത് പ്രവർത്തിക്കാനുള്ള പ്രതിജ്ഞാബദ്ധത ചടങ്ങിൽ പങ്കെടുത്ത പ്രതിനിധികൾ ആവർത്തിച്ചു.

**ന്യൂ ഡെൽഹി**
**മെയ് 11, 2022**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.